ഉത്തരം

(എ) 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(ബി) ഇതുവരെ 26,96,760 രൂപ ചെലവഴിച്ചു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ഡി) 28-2-2011-ൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

കാരാപ്പുഴ ജലസേചന പദ്ധതിക്ക് ഇൻസ്പെക്ഷൻ ബോട്ട്

110 (1838) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതി പ്രദേശത്ത് വ്യാജവാറ്റ്, മണൽവാരൽ, പദ്ധതി ഭൂമിയിലെ മരങ്ങൾ മുറിച്ചു കടത്തൽ തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്നും പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(ഇ) കാരാപ്പുഴ റിസർവോയറിൽ അപകടങ്ങൾ ഉണ്ടാകുന്നത് നിത്യ സംഭവമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപകടങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിനായി കാരാപ്പുഴ പദ്ധതിക്ക് ഒരു ഇൻസ്പെക്ഷൻ ബോട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിശദാംശങ്ങൾ ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(എഫ്) ബോട്ട് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

പീലാർമുഴി എൽ.ഐ.സ്കീം

111 (1839) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി എൽ.ഐ. സ്കീമിന് അനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്ക് നബാർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ പദ്ധതിക്കാണ് നബാർഡിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ വിശദമാക്കുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നേക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ചാലക്കുടി മണ്ഡലത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് 7-2-2011-ലെ നബാർഡിന്റെ NB/SPD/RIDF-1/[RIDF XVI-Kerala] 114 PSC/2010-11 നമ്പർ കത്ത് പ്രകാരം രണ്ട്കോടി രൂപയ്ക്ക് അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 1.90 കോടി ലോണായും ബാക്കി കേരള സർക്കാർ ഷെയറുമാണ്.

(സി) പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ

112 (1840) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന് ചെലവഴിച്ച തുക എത്രയാണെന്നും ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) താഴെ പറയുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം ഏറ്റെടുത്തിട്ടുണ്ട് :

1. പുതുക്കോട് പഞ്ചായത്തിലെ കണക്കന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-18.55 ലക്ഷം രൂപ
2. എരിമയൂർ പഞ്ചായത്തിലെ പുല്ലോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-18.50 ലക്ഷം രൂപ
3. പുതുക്കോട് പഞ്ചായത്തിലെ പ്ലാഴി പദ്ധതി-30.50 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly